"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്- കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലെ കുളക്കട ഗ്രാമപഞ്ചായത്തിൽ കലയപുരത്ത് ആധുനിക മാർക്കറ്റ്, വാണിജ്യ സമുച്ചയം എന്നിവ നിർമ്മിക്കുന്നത് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.3/2025/F&P തീയതി,തിരുവനന്തപുരം, 06-01-2025

---

പരാമർശം:- 1. സ.ഉ (അച്ചടി)നം.57/2024/ധന തീയതി: 17/07/2024

2. സ.ഉ (അച്ചടി)നം.76/2024/ധന തീയതി: 31/08/2024

3. ഫിഷറീസ്ഡയറക്ടറുടെ 29/10/2024-ലെ ഡി.എഫ്.ടി.വി.എം/3065/2024-കെ3 നമ്പർ കത്ത് കത്ത്.

**ഉത്തരവ്**

കൊട്ടാരക്കരയിലെ കുളക്കട ഗ്രാമപഞ്ചായത്തിൽ കലയപുരത്ത് ആധുനിക മത്സ്യമാർക്കറ്റ്, വാണിജ്യ സമുച്ചയം നിർമ്മിക്കുന്നതിന് 2024-25 വാർഷിക ബഡ്ജറ്റ് എസ്റ്റിമേറ്റ്കളുടെ അനുബന്ധം രണ്ടിൽ 150 ലക്ഷം രൂപ അടങ്കലിൽ തനത് വർഷം 30 ലക്ഷം രൂപ വകയിരിത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1,50,00,000 /- (ഒരു കോടി അൻപത് ലക്ഷം രൂപ മാത്രം) രൂപയുടെ പ്രൊപ്പോസൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ചത് പരാമർശ കത്ത് പ്രകാരം ഫിഷറീസ് ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി. നടപ്പ് സാമ്പത്തിക വർഷം മത്സ്യ മാർക്കറ്റുകളുടെ നവീകരണ പദ്ധതിക്കായി 2405-00-105-86 (P) ശീർഷകത്തിൽ 250 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും പദ്ധതി ചെലവ് 50% ആയി കുറവ് ചെയ്യണമെന്ന നിർദേശം ഉള്ളതിനാൽ തുടർ പദ്ധതികൾക്ക് മാത്രമേ തുക കണ്ടെത്തുന്നതിന് കഴിയൂ എന്നും ആയതിനാൽ കുളക്കട ഗ്രാമപഞ്ചായത്തിൽ കലയപുരത്ത് ആധുനിക മത്സ്യമാർക്കറ്റ്, വാണിജ്യ സമുച്ചയം നിർമ്മിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള 150 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പദ്ധതി മുൻഗണന മാനദണ്ഡങ്ങൾ ഒഴിവാക്കി അധിക തുക വകയിരുത്തി ഭരണാനുമതി ലഭ്യമാക്കണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 20% തുക വകയിരുത്തിയ പ്രവൃത്തി ആയതിനാൽ, പദ്ധതി ക്രമീകരണം സംബന്ധിച്ച് പരാമർശം (1), (2) പ്രകാരമുള്ള നിലവിലെ നിർദ്ദേശങ്ങൾക്ക് ഇളവ് നൽകി, കൊല്ലം ജില്ലയിലെ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കലയപുരത്ത് ഒരു ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ച എസ്റ്റിമേറ്റ് അംഗീകരിച്ച്, 2405-00-105-86 (പ്ലാൻ) ശീർഷകത്തിൽ നിന്ന് 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K J SALINI**

ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (13/12/2024-ലെ 2974941/WCD-2/234/2024-FIN നമ്പർ കുറിപ്പ് പ്രകാരം)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sabitha Shiju
Date: 06-01-2025 14:58:34